## MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**


Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

**MJSSA HEAD QUARTERS,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150


Circular No.M/C/08/2025

Date : 14.04.2025


**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ.യുടെ മുഖപത്രമായ ആത്മദീപം മാസിക ആരംഭിച്ചിട്ട് 45 വർഷം പിന്നിട്ടിരിക്കുകയാണ്. ആത്മദീപം ഓർഗനൈസർമാരുടെ 3 കേന്ദ്രങ്ങളിൽ വച്ച് നടന്ന മീറ്റിംങ്ങിൽ എല്ലാ അദ്ധ്യാപകരുടെയും ഭവനങ്ങളിൽ നിർബന്ധമായും ആത്മദീപം മാസിക വരുത്തി മാതൃക കാണിക്കണമെന്ന നിർദ്ദേശമുണ്ടായ കാര്യം എല്ലാ അദ്ധ്യാപകരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. മാസികയ്ക്കു വരിക്കാരാകാത്ത അദ്ധ്യാപകർ ഈ നിർദ്ദേശം പാലിക്കുമല്ലോ. MJSSA കലോത്സവക്വിസ് മത്സരത്തിൽ, ആത്മദീപം ചോദ്യോത്തര പംക്തിയിൽനിന്നുള്ള ചോദ്യങ്ങൾ ചോദിച്ചുവരുന്ന കാര്യം എല്ലാവരുടെയും ശ്രദ്ധയിൽ ഉണ്ടായിരിക്കുമല്ലോ. വർഷങ്ങളായി ആത്മദീപത്തിൽ കുട്ടികളുടെ ചിത്രരചന അഭിരുചി വർദ്ധിപ്പിക്കുവാനായി കളറിംഗ് മത്സരവും ചിത്രവരയും നടത്തിവരുന്നു. കൂടാതെ എല്ലാ വർഷവും നടത്തുന്ന ആത്മദീപം ചിത്രരചനാ മത്സരം ഈ വർഷവും അതാത് സൺഡേസ്കൂളുകളിൽ സബ്ജൂനിയർ വിഭാഗത്തിൽ ക്രയോൺസ് ഉപയോഗിച്ച് കളറിംഗ് മത്സരവും (ആത്മദീപം മാസികയിൽ പ്രസിദ്ധീകരിച്ചുവരുന്ന കളറിംഗ് മത്സരത്തിന്റെ ഏതെങ്കിലും ലക്കത്തിലെ കളറിംഗ് മത്സര പേജ് ഉപയോഗിച്ച് ഹെഡ്മാസ്റ്റർമാർക്ക് അനായാസേന മത്സരങ്ങൾ നടത്താവുന്നതാണ്.) ജൂണിയർ, സീനിയർ വിഭാഗത്തിൽ, കർത്താവിന്റെ പരസ്യശുശ്രൂഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നൽകി, മെറ്റീരിയൽസുപയോഗിച്ച് വരച്ച് വാട്ടർകളർ നൽകിയും സ്കൂൾതലത്തിൽ മത്സരങ്ങൾ നടത്തേണ്ടതാണ്. മൂന്നു വിഭാഗങ്ങളിൽനിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നിർണ്ണയിച്ച് **മെയ് 12 ന്** മുമ്പായി കുട്ടികളുടെ ലിസ്റ്റ് ഇൻസ്പെക്ടർമാരെ ഏല്പിക്കേണ്ടതാണ്.

### ഡിസ്ട്രിക്റ്റ് തലത്തിൽ 2025 മെയ് 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ ചിത്രരചന മത്സരം നിർദ്ദേശങ്ങൾ

1. **സബ്ജൂണിയേഴ്സ്:** 2017 ജനുവരി 1 നോ അതിനുശേഷമോ ജനിച്ചവർ- കളറിംഗ് മത്സരമായിരിക്കും. ഡ്രോയിംഗ് ഷീറ്റ് നൽകും (വരയ്ക്കുന്നതിനുള്ള ക്രയോൺസ് കൊണ്ടുവരണം)
2. **ജൂണിയേഴ്സ്:** 2013 ജനുവരി 1 നോ അതിനുശേഷമോ ജനിച്ചവർ- ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർകളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷീറ്റ് നൽകും (വാട്ടർകളറും മറ്റ് മെറ്റീരിയൽസും കൊണ്ടുവരണം.)
3. **സീനിയേഴ്സ്:** 2008 ജനുവരി 1 നോ അതിന് ശേഷമോ ജനിച്ചവർ, 2024 ൽ ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർകളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷീറ്റ് നൽകും (വാട്ടർ കളറും മറ്റ് മെറ്റീരിയൽസും കൊണ്ടുവരണം.)
4. വിഷയങ്ങൾ അടങ്ങുന്ന കവർ, പ്രത്യേകം കവറിൽ ഇൻസ്പെക്ടർക്കുള്ള പേപ്പറുകളോടൊപ്പം വച്ചിട്ടുള്ളത് മത്സര സമയത്ത് മാത്രം ഡിസ്ട്രിക്റ്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ തുറക്കേണ്ടതാണ്.
5. ചിത്രരചനാമത്സരത്തിന്റെ നിശ്ചിത സമയം കഴിഞ്ഞാൽ ഉടൻ, നിശ്ചിത പെർഫോമ പൂരിപ്പിച്ച്, തന്നിട്ടുള്ള പായ്ക്കിംഗ് പേപ്പർ ഉപയോഗിച്ച് കവർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
6. ചിത്രരചനകൾ, യോഗ്യരായവർ പരിശോധിച്ച് 1, 2 സ്ഥാനങ്ങൾ ലഭിച്ച രചനകൾ മാത്രം 2025 **മെയ് 31** നകം ഭദ്രാസന/മേഖല ഡയറക്ടറെ ഇൻസ്പെക്ടർ ഏല്പിച്ചിരിക്കേണ്ടതാണ്.
7. ഭദ്രാസനഡയറക്ടർ, **ജൂൺ 15** നകം യോഗ്യരായവരെ വെച്ച് പരിശോധിച്ച് 1,2 സ്ഥാനങ്ങൾ ലഭിച്ച രചനകൾ MJSSAയിൽ ഏല്പിക്കണം.
8. മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിൽ ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ/ സെക്രട്ടറിമാർ എന്നിവർ പ്രത്യേകം ശ്രദ്ധിച്ചിരിക്കണം.
9. ചിത്രരചനകൾക്കു എം.ജെ.എസ്.എസ്.എ. നൽകിയിട്ടുള്ള പേപ്പറുകൾ മാത്രം ഉപയോഗിക്കേണ്ടതും ബാക്കി വരുന്ന പേപ്പറുകൾ കവറിലിട്ട് MJSSA യ്ക്കു തിരികെ നൽകേണ്ടതുമാണ്. റോൾ നമ്പർ പ്രകാരമുള്ള കുട്ടികളുടെ പേര്, സൺഡേസ്കൂൾ വിലാസം എന്നിവ തെരഞ്ഞെടുത്ത ചിത്രത്തോടൊപ്പം പ്രത്യേക ലിസ്റ്റായി ബന്ധപ്പെട്ട ഡിസ്ട്രിക്റ്റിൽ നിന്നും അയച്ചിരിക്കണം.
10. മത്സര സെന്ററുകളിൽ, സെൻട്രൽ കമ്മറ്റി അംഗങ്ങൾ / ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിശോധന നടത്തുന്നതാണ്.

കർത്താവിൽ എളിയ ശുശ്രൂഷകർ



**പി.വി. ഏലിയാസ്**
(ജനറൽ സെക്രട്ടറി) 9446138868



**പി.വി. പൗലോസ്**
(സെക്രട്ടറി) 9061488262